## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3453 — 14.03.2017 ൽ മറുപടിക്ക്

### *ഐ.ടി. മേഖലയുടെ വികസനം*

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്. ശർമ്മ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ.വി.ജോയി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) ഐ.ടി. മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(എ) & (ബി) ഐ.ടി. മേഖലയുടെ വികസനത്തിനായി സർക്കാർ നൂതനങ്ങളായ പലവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

- വിവിധ വകുപ്പുകളുടെ സർവീസുകൾ ഏകീകൃത സർവീസ് ഡെലിവറി ഗേറ്റ് വേയുമായി ബന്ധിപ്പിച്ച് പൊതുജന സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കൽ.

- വെർച്ചൽ ഐ ടി കേഡർ മുഖേന എല്ലാ വകുപ്പുകളിലും ഇ-ഗവർണൻസ് കപ്പാസിറ്റി ബിൽഡിംഗ് നടപ്പിലാക്കൽ.

- അക്ഷയ കേന്ദ്രങ്ങൾവഴി വിവരസാങ്കേതിക വിദ്യയുടെ നൈപുണ്യ വികസന കോഴ്സുകൾ സംഘടിപ്പിക്കൽ.

- ടെക്നോസിറ്റി, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിലെ ഐ.ടി കെട്ടിട നിർമ്മാണം.

സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ കാര്യക്ഷമമാക്കുവാൻ വേണ്ടി കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (കെ -ഫോൺ) എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ

സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഒപ്റ്റിക്കൽ ഫൈബർ ഉപയോഗിച്ച് ബ്രോഡ്ബാൻഡ് കണക്ഷൻ നൽകുവാൻ ലക്ഷ്യമിടുന്നു.കൂടാതെ ഏകദേശം ഇരുപത് ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്കും സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് ഉപയോഗിക്കാൻ വേണ്ടി ആയിരം പബ്ലിക് വൈഫൈ ഹോട്സ്പോട്ടുകൾ തിരഞ്ഞെടുത്ത പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുന്നതാണ്.

(സി) വിവിധ വകുപ്പുകളുടെ ഡാറ്റാബേസുകൾ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കി, അതുവഴി അഴിമതിക്കുള്ള അവസരങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിവിധ വകുപ്പുകളുടെ ഡാറ്റാ ബേസുകൾ പരസ്പരം ബന്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിൽ ഇലക്ഷൻ, മോട്ടോർ വെഹിക്കിൾസ്, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ ഡാറ്റാ ബേസുകൾ ബന്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഐ.ടി. മേഖലയിൽ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡി) ഐ.ടി മേഖലയിലെ വിപുലമായ വ്യവസായ സംരംഭങ്ങൾ, നിക്ഷേപ സാധ്യതകൾ പരമാവധി പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാൻ കഴിയുന്ന തൊഴിലവസരങ്ങൾ തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി രൂപീകരിക്കുന്ന സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി നയത്തിൽ അനേകം പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്.

വിവരസാങ്കേതിക മേഖലയിലും അതിനോടനുബന്ധമായ മറ്റു മേഖലകളിലും നൂതന ആശയങ്ങളുമായി സമീപിക്കുന്നവർക്ക് ഒരു പൂർണ്ണ തോതിലുള്ള കമ്പനി വികസിപ്പിക്കുന്നതിനാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകുന്നതിനു വേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ കേരളാ സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ചിട്ടുണ്ട്.

ടെക്നോസിറ്റി കാമ്പസ്സിൽ 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള ഐ.ടി കെട്ടിട സമുച്ചയം, കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാം ഘട്ടവും, കൊരട്ടി, ചേർത്തല എന്നീ പാർക്കുകളുടെ വികസന പ്രവർത്തനങ്ങളും കൂടിയാകുമ്പോൾ ഐ.ടി മേഖലയിൽ അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പാർക്കുകൾ, പ്രൈവറ്റ് ഐ.ടി പാർക്കുകൾ ഉൾപ്പെടെയുള്ള ഐ.ടി പാർക്കുകൾ തുടങ്ങിയ സംരംഭങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 'സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള' എന്ന ഒരു പദ്ധതിയും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ